# Malayala Manorama

## 20 August 2018

## After Flood, Fuel Supply

# ഇന്ധനവിതരണം തടസ്സമില്ലാതെ

വെള്ളം കയറി പ്രവർത്തിക്കാൻ കഴിയാത്തവ ഒഴികെയുള്ള എല്ലാ പമ്പുകളിലും ഇന്നലെ ആവശ്യത്തിന് ഇന്ധനമെത്തി. പതിവിനു വിപരീതമായി ഞായറാഴ്ചയും ടാങ്കറുകൾ ലോഡ് എടുത്തു: ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു കൂടുതൽ ഇന്ധനം ആവശ്യമുള്ളതിനാലാണ് ഇന്നലെ ലോഡ് എടുത്തതെന്ന് കേരള സ്റ്റേറ്റ് പെട്രോളിയം ട്രേഡേഴ്സ് അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു.

പാചകവാതക വിതരണത്തിലും ഇന്നലെ തടസ്സം നേരിട്ടില്ല. ആലുവ, അങ്കമാലി, ചാലക്കുടി, തൃശൂർ, റാന്നി, കുട്ടനാട് മേഖലകളിലെ വെള്ളം കയറിയ ഇരുന്നൂറിലേറെ പെട്രോൾ പമ്പുകളാണ് ഇനി പ്രവർത്തനസജ്ജമാകാനുള്ളത്. വൃത്തിയാക്കലിനും സുരക്ഷാ പരിശോധനകൾക്കും ശേഷമേ ഈ പമ്പുകൾ തുറക്കൂ. പറവൂരിൽ ഇന്നലെ ഇന്ധനവിതരണം പുനഃസ്ഥാപിച്ചു.270 പാചകവാതക ഏജൻസികൾ പ്രവർത്തനസജ്ജമാകാനുണ്ട്. റോഡ് തകർന്നതിനാൽ ഇടുക്കി, പാലക്കാട്, ആലപ്പുഴ, പത്തനംതിട്ട, വയനാട് ജില്ലകളിലെ ചില പ്രദേശങ്ങളിലേക്ക് ഇന്നലെയും ഇന്ധനം എത്തിക്കാനായില്ല.

ഇന്ധനനില ഭദ്രമാണെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോഓർഡിനേറ്റർ പി.എസ്.മണി പറഞ്ഞു. വിതരണം സുഗമമാക്കാൻ എണ്ണക്കമ്പനികൾ 24 മണിക്കൂർ കൺട്രോൾ റൂം തുറന്നിട്ടുണ്ട്. മണ്ണെണ്ണ, പാചകവാതകം, പെട്രോൾ, ഡീസൽ എന്നിവയുടെ ഏഴു ദിവസത്തേക്കുള്ള കരുതൽ ശേഖരം എണ്ണക്കമ്പനികളുടെ പക്കലുണ്ട്. വിമാന ഇന്ധനവും ആവശ്യത്തിനുണ്ട്. സംസ്ഥാനത്തെ ഒരു പാചകവാതക ബോട്ടിലിങ് പ്ലാന്റ് ഒഴികെയുള്ളവ പ്രവർത്തിക്കുന്നുണ്ട്.

വിതരണം സുഗമമാക്കാൻ തെലങ്കാന, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുടെ സഹകരണം തേടി. ഒട്ടേറെ പമ്പുകൾ സൈന്യം ഏറ്റെടുത്തിട്ടുണ്ട്. മംഗളൂരുവിൽനിന്നു കോഴിക്കോട് ഡിപ്പോയിലേക്കുള്ള വിതരണത്തിന് ഇന്നലെ തടസ്സം നേരിട്ടില്ല.

### കരിഞ്ചന്ത തടയാൻ യോഗം ഇന്ന്

തിരുവനന്തപുരം • നിത്യോപയോഗ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ ഇന്ന് തിരുവനന്തപുരത്തു സംസ്ഥാനതല യോഗം ചേരും. വ്യാപാരി വ്യവസായി സംഘടനകൾ, ലോറി ഉടമകളുടെ സംഘടനകൾ, സൂപ്പർ മാർക്കറ്റ് ശൃംഖലകൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുക്കും.